## കേരള സർക്കാർ

### സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- മദ്ധ്യവേനൽ അവധിക്കാലത്ത് ട്രെയിനിംഗ് പ്രോഗ്രാമുകളിൽ പങ്കെടുക്കുന്ന ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി അദ്ധ്യാപകർ അദ്ധ്യാപകർ ഉൾപ്പെടെയുള്ള എല്ലാ അദ്ധ്യാപകർക്കും ആർജ്ജിതാവധിയും സറണ്ടർ ആനുകൂല്യവും അനുവദിച്ച് ഉത്തരവാകുന്നു.

---

സ.ഉ.(സാധാ)നം.3188/2009/പൊ.വി. തീയതി തിരുവനന്തപുരം
30.7.2009

---

പരാമർശം:- 1. സ.ഉ.(സാധാ)നം.4013/2005/പൊ.വി.വ. തീയതി 12.8.05
2. കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ (കെ.എസ്.ടി.എ.) ജനറൽ സെക്രട്ടറി 28.3.2008-ൽ ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനം

.....

### ഉത്തരവ്

മദ്ധ്യവേനൽ അവധിക്കാലത്ത് ട്രെയിനിംഗ് പ്രോഗ്രാമുകളിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് ഏൺഡ് ലീവും സറണ്ടർ ആനുകൂല്യവും അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ ഈ ആനുകൂല്യം അനുവദിച്ചുകിട്ടുന്നില്ല എന്നും ചില ട്രഷറി ഓഫീസർമാർ ഈ ഇനത്തിലുള്ള ബില്ലുകൾ പാസാക്കാതെ മടക്കുന്നതായും അദ്ധ്യാപക സംഘടനാ നേതാക്കളുടെ യോഗത്തിൽ പരാതി ഉന്നയിക്കപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം ഒന്ന് ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ ഒരു നിശ്ചിത കാലയളവിലേക്കു മാത്രം നിജപ്പെടുത്തിയതായിരുന്നില്ല. കൂടാതെ ഈ ആനുകൂല്യം ഹയർ സെക്കൻററിയിലേയും വൊക്കേഷണൽ ഹയർ സെക്കൻററിയിലേയും അദ്ധ്യാപകർക്കു കൂടി ബാധകമാക്കേണ്ടതുമുണ്ട്. ഈ സാഹചര്യത്തിൽ മദ്ധ്യവേനൽ അവധിക്കാലത്ത് ട്രെയിനിംഗ് പ്രോഗ്രാമുകളിൽ പങ്കെടുക്കുന്ന ഹയർ സെക്കൻററി/വൊക്കേഷണൽ ഹയർ സെക്കൻററി അദ്ധ്യാപകരുൾപ്പെടെയുള്ള എല്ലാ അദ്ധ്യാപകർക്കും പരാമർശം ഒന്ന് ഉത്തരവ് പ്രകാരമുള്ള ആർജ്ജിതാവധിക്കും സറണ്ടർ ആനുകൂല്യത്തിനും അർഹതയുണ്ടായിരിക്കുമെന്ന് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം

ജെ. ജയ
ഡപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് രുടെ പുറത്തെഴുത്ത് നം. എച്ച്(2)57010/09/കെ.ഡി.സി തീയതി 21.8.09.

(ശരി പകർപ്പ്)

പുറത്തെഴുത്ത് നം. ബി-5340/09/ത.തി. ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കാര്യാലയം, കോലഞ്ചേരി
തീയതി 23.9.2009

പകർപ്പ് എല്ലാ പ്രധാനാദ്ധ്യാപകരുടെയും അറിവിലേക്കും എല്ലാ സെക്ഷനുകളിലേക്കും സ്റ്റോക്ക് ഫയലിലേക്കും.

ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്കുവേണ്ടി
കോലഞ്ചേരി